# Deepika
# 31 July 2018
# Idukki; Red Alert

# ഇനി റെഡ് അലർട്ട്

**2395 കടന്നു**

**ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു**



**തുള്ളിത്തുളുമ്പി...**

ഷട്ടറുകൾ ഉയർത്താൻ സാഹചര്യങ്ങളൊരുങ്ങിയ ഇടുക്കി റിസർവോയറിലെ ചെറുതോണി ഡാം. - ബിബിൻ സേവ്യർ.

സ്വന്തം ലേഖകൻ

**ഇടുക്കി:** ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് അതിവേഗം ഉയരുന്ന സാഹചര്യത്തിൽ ഡാം തുറക്കുന്നതിനു മുന്നോടിയായി ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

ജലനിരപ്പ് രാത്രി ഒമ്പതിന് 2,395 അടി എത്തിയതോടെയാണ് കെഎസ്ഇബി രണ്ടാംഘട്ട അതിജാഗ്രതാ മുന്നറിയിപ്പായ ഓറഞ്ച് അലർട്ട് പ്രഖ്യാപനം നടത്തിയത്. വെള്ളത്തിന്റെ വരവ് വിലയിരുത്തി 2,397 അടിയാകുമ്പോൾ റെഡ് അലർട്ട് നൽകി പന്ത്രണ്ടു മണിക്കൂർ കഴിഞ്ഞ് ചെറുതോണി അണക്കെട്ട് തുറക്കുമെന്ന് കെഎസ്ഇബി വൃത്തങ്ങൾ അറിയിച്ചു. ചെറുതോണി, പെരിയാർ നദീതീരമേഖലകളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന നിർദേശവും നൽകി.

## മഴ കനത്തു

രാവിലെ ഇടുക്കി പദ്ധതിപ്രദേശത്തു കാലവർഷം ദുർബലമായിരുന്നെങ്കിലും രാത്രിയോടെ അതിശക്തമായ മഴയാണ് പെയ്തിറങ്ങിയത്. ഇതിനൊടൊപ്പം നീരൊഴുക്കും കൂടി. ഇന്നലെ ഒരോ രണ്ടു മണിക്കൂർ ഇടവിട്ട് ജലനിരപ്പ് നിരീക്ഷിച്ചിരുന്നു. രാവിലെ ഏഴിന് 2394.58 അടിയായിരുന്നു ജലനിരപ്പ്. ഒമ്പതിനു 2394.64 അടിയായി ഉയർന്നു. വൈകിട്ട് ആറിനു 2394.90 അടിയായി. ഏഴിനു 2394.92 ഉം എട്ടിന് 2394.96 അടിയായി ഉയർന്നു. 650 ചതുരശ്ര കിലോമീറ്റർ വിസ്തൃതമായ പദ്ധതിപ്രദേശത്ത് ഇന്നലെ രാവിലെ വരെ 18.2 മില്ലിമീറ്റർ മഴ ലഭിച്ചു.

ചെറുതോണി അണക്കെട്ടിന്റെ അഞ്ചു ഷട്ടറുകളിൽ നടുക്കുള്ള മൂന്നാമത്തെ ഷട്ടറാണ് ആദ്യം തുറക്കുന്നത്. തുറന്നാൽ വെള്ളം സ്പിൽവേയിലൂടെ ഒഴുകി ചെറുതോണി ടൗൺ പിന്നിട്ട് തടിയമ്പാട്, കരിമ്പൻവഴി ലോവർ പെരിയാറിലെത്തും.

## 200 കെട്ടിടങ്ങൾ

ഡാമിലെ വെള്ളം തുറന്നുവിടുമ്പോൾ നാലു പഞ്ചായത്തുകളിലായി വീടുകളും സ്ഥാപനങ്ങളും ഉൾപ്പെടെ 200 കെട്ടിടങ്ങളെയാണ് ബാധിക്കുകയെന്നു ജില്ലാ കളക്ടർ കെ. ജീവൻ ബാബു അവലോകന യോഗത്തിൽ അറിയിച്ചു. 40 വീടുകളെയാണ് ആദ്യഘട്ടത്തിൽ ബാധിക്കുക. ഈ വീടുകളിലുള്ളവർക്കു ജാഗ്രതാ നിർദേശം നൽകി. ട്രയൽ റൺ നടത്തുന്നതിനു ദിവസവും സമയവും തീരുമാനിച്ചിട്ടില്ല. ട്രയൽ റൺ നടത്താൻ പന്ത്രണ്ട് മണിക്കൂർ മുൻപായി അറിയിപ്പ് നൽകും. ഇടുക്കിയിൽ മാത്രമല്ല എറണാകുളം ജില്ലയിലും ഒരുക്കങ്ങൾ വേണമെന്നും കളക്ടർ പറഞ്ഞു.

## 12 മണിക്കൂർ

ഓറഞ്ച് അലർട്ട് പ്രോട്ടോക്കോളിന്റെ ഭാഗമായുള്ള സ്റ്റാൻഡാർഡ് ഓപ്പറേഷൻ പ്രാക്ടീസാണ്. ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കുന്നത് ഒരറിയിപ്പ് മാത്രമാണ്. ഈ സമയത്ത് ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ട ആവശ്യമില്ല. ആവശ്യം വരുമ്പോൾ മുൻകൂട്ടി അറിയിപ്പ് നൽകി ആളുകളെ മാറ്റും. വാഴത്തോപ്പ്, മരിയാപുരം, കഞ്ഞിക്കുഴി, വാത്തിക്കുടി പഞ്ചായത്തുകളിലായി നാലു ക്യാമ്പുകൾ മാത്രമേ തുറക്കേണ്ടതുള്ളൂ എന്നാണ് വിലയിരുത്തൽ. വാഴത്തോപ്പ് പഞ്ചായത്തിൽ 22 കുടുംബങ്ങളെ ബാധിക്കും. നാലു പഞ്ചായത്തുകളിലായി 40 കുടുംബങ്ങളെയാണ് ആദ്യഘട്ടത്തിൽ മാറ്റിപാർപ്പിക്കേണ്ടി വരിക. ക്യാമ്പുകളിലേക്കു വരാതെ ബന്ധുവീടുകളിൽ താമസിക്കാൻ താത്പര്യമുള്ളവരുമുണ്ട്.

## ഗതാഗതം നിരോധിക്കും

ഡാം തുറക്കുന്ന സമയത്തു നദിയിലെ ചപ്പാത്തുകളിലൂടെ ഗതാഗതം നിരോധിക്കും. ചപ്പാത്തുകളിലും പാലങ്ങളിലും വെള്ളമൊഴുകുന്നതിനു തടസമുണ്ടാക്കുന്ന മരങ്ങൾ മുറിച്ചുമാറ്റും. വിനോദസഞ്ചാരികൾക്കു നിയന്ത്രണമേർപ്പെടുത്തും.

## എടിഎം

എടിഎമ്മുകളിൽനിന്നു ബാങ്കുകൾ പണം എടുത്തു മാറ്റിയെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതു തെറ്റിദ്ധാരണ മൂലം സംഭവിച്ചതാകാമെന്നും തിരിച്ചു പണമിടാൻ നിർദേശിച്ചിട്ടുണ്ടെന്നും കളക്ടർ അറിയിച്ചു.

### ഇടുക്കി ഡാമിലെ ജലവിതാനം ഇന്നലെ

സമുദ്രനിരപ്പിൽനിന്നുള്ള ഉയരം അടിയിൽ

| | | |
|---|---|---|
| രാവിലെ | 7.00 | 2394.58 |
| | 9.00 | 2394.64 |
| | 11.00 | 2394.70 |
| ഉച്ചകഴിഞ്ഞ് | 1.00 | 2394.72 |
| | 3.00 | 2394.80 |
| വൈകുന്നേരം | 5.00 | 2394.86 |
| | 6.00 | 2394.90 |
| രാത്രി | 7.00 | 2394.92 |
| | 8.00 | 2394.96 |
| രാത്രി | 9.00 | 2395.04 |

(ഓറഞ്ച് അലർട്ട്)

**മാവേലിനാട്**

രാജുനായർ